# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 200 — 26.09.11 ൽ -മറുപടിക്ക്

## റേഷൻ കടകളിലെ ഉപഭോക്താക്കളുടെ എണ്ണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ.ടി.എം.ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) | |
| (എ) | ഒരു റേഷൻ ഡിപ്പോയിൽ എത്ര ഗുണഭോക്താക്കൾ വരെ ആകാമെന്ന് പരിധി നിശ്ചയിച്ചിട്ടുണ്ടോ? | (എ) | ഒരു റേഷൻ കടയിൽ ഉൾപ്പെടുത്താവുന്ന ഗുണഭോക്താക്കളുടെ പരിധി നിർണ്ണയിക്കുന്നത് സംബന്ധിച്ച് ഉത്തരവുകളൊന്നും നിലവിലില്ല. എന്നാൽ , ഒരു സ്ഥലത്ത് പുതിയ റേഷൻ ഡിപ്പോ തുടങ്ങുമ്പോൾ നിലവിലുള്ള സമീപത്തുള്ള ഡിപ്പോകളിലും പുതിയ ഡിപ്പോയിലും 400 കാർഡുകൾ നിലനിൽക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ഒരു റേഷൻ കടയിൽ മാത്രം ആയിരത്തിലധികം ഗുണഭോക്താക്കൾവരെ നിലവിലുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം റേഷൻ കടകളിലെ ഉപഭോക്താക്കളുടെ എണ്ണം ക്രമീകരിച്ചു പുതിയ റേഷൻകടകൾ ആരംഭിക്കുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ? | (സി) | സമീപത്തുള്ള ഡിപ്പോകളിൽ 400 കാർഡുകൾ നിലനിർത്തി പുതിയ ഡിപ്പോയിൽ 400 കാർഡുകൾ ലഭിക്കുവാൻ സാധ്യതയുണ്ടെങ്കിൽ പൊതുജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് പുതിയ റേഷൻകട അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ